

WEDNESDAY 11-01-2023 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S.    Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-11/01/2023.

1. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടിക്കൾച്ചർ റിസർച്ചിന്റെ (ഐ.സി.എ.ആർ.) സാങ്കേതിക സഹായത്തോടെ സംസ്ഥാന കൃഷിവകുപ്പ് - സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മുഖാന്തിരം രാഷ്ട്രീയ കൃഷി വികാസ് യോജന എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് വെർട്ടിക്കൽ മാതൃകയിൽ പച്ചക്കറി കൃഷി നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. ഒരു സ്ക്വയർ മീറ്റർ വിസ്തൃതിയിൽ സ്ഥാപിക്കാൻ കഴിയുന്ന 4 അടുക്കുകളുള്ള അർക്ക വെർട്ടിക്കൽ ഗാർഡൻ സ്ട്രക്ച്ചറിനൊപ്പം 16 ചെടിച്ചട്ടികൾ, 80 കിലോഗ്രാം പരിപോഷിപ്പിച്ച നടീൽ മാധ്യമം (ചകിരിച്ചോർ), ചീര, മുളക്, പാലക്ക്, മല്ലി, കത്തിരി, തക്കാളി തുടങ്ങിയ വിളകളുടെ വിത്ത്, സസ്യ പോഷണ സംരക്ഷണ പദാർത്ഥങ്ങൾ, 25 ലിറ്റർ സംഭരണശേഷിയുള്ള തുള്ളിനന സൗകര്യം എന്നിവ ഉണ്ടായിരിക്കുന്നതാണ്. ചക്രങ്ങൾ ഘടിപ്പിച്ചിട്ടുള്ളതിനാൽ സൂര്യപ്രകാശ ലഭ്യതയ്ക്കനുസരിച്ച് സ്ഥാനം മാറ്റാവുന്നതാണ്. 22100/- രൂപ ആകെ ചിലവ് വരുന്ന ഒരു യൂണിറ്റ് അർക്ക വെർട്ടിക്കൽ ഗാർഡൻ 10525/- രൂപ ധനസഹായത്തോടെയാണ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുക. https://serviceonline.gov.in/ എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി ആണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഗുണഭോക്തൃവിഹിതമായ 11575/- രൂപ അപേക്ഷയോടൊപ്പം ഓൺലൈനായി മുൻകൂർ അടയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള പി.ഒ., പാളയം, തിരുവനന്തപുരം** എന്ന മേൽവിലാസത്തിലോ, **0471 2330857, 9188954089** എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുകയോ, www.shm.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യുക.

2. റബ്ബർതോട്ടങ്ങളിൽ വേനൽകാലത്ത് നടപ്പാക്കേണ്ട സംരക്ഷണനടപടികളെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ന് (ജനുവരി 11) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ ഇൻ ചാർജ്ജ് ഫോണിലൂടെ മറുപടി പറയും. കോൾസെന്റർ നമ്പർ **0481 2576622**.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. ക്ഷീരമേഖലയ്ക്ക് വെല്ലുവിളിയും ക്ഷീരകർഷകർക്ക് ആശങ്കയും ഉയർത്തി പശുക്കളിലും എരുമുകളിലും പടർന്നുപിടിക്കുന്ന ചർമ്മമുഴ രോഗത്തെ ചെറുക്കുന്നതിന് വാക്സിനേഷൻ ഉചിതമാക്കാൻ മൃഗ സംരക്ഷണ വകുപ്പ് തീരുമാനിച്ചു. ഈ മാസം 15 മുതൽ സംസ്ഥാനത്തെ എല്ലാ പശുക്കൾക്കും എരുമകൾക്കും വാക്സിൻ നൽകുന്നതിന് തീവ്ര വാക്സിനേഷൻ ക്യാമ്പയിൻ തുടങ്ങുന്നതായി മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി അറിയിച്ചു.

4. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) മോളിക്യുലാർ ബയോളജി & ബയോടെക്നോളജി ടെക്നിക്സിൽ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോട്ടയത്തുള്ള എൻ.ഐ.ആർ.റ്റി.-യിൽ ജനുവരി 23-ന് ആരംഭിക്കുന്ന കോഴ്സിന്റെ കാലാവധി മൂന്നു മാസമാണ്. കോഴ്സിൽ പങ്കെടുക്കാവുന്നവരുടെ എണ്ണം പതിനഞ്ചായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഏതെങ്കിലും ജീവശാസ്ത്രശാഖകളിൽ ബിരുദമോ, ബിരുദാനന്തര ബിരുദമോ ഉള്ളവർ, ഗവേഷകർ, മോളിക്യുലാർ ബയോളജിയുമായോ ബയോടെക്നോളജിയുമായോ ബന്ധപ്പെട്ട മേഖലകളിൽ ജോലികളിൽ ഏർപ്പെടാൻ താൽപര്യമുള്ളവർ തുടങ്ങിയവർക്കെല്ലാം കോഴ്സിൽ ചേരാം. എക്സ്ട്രാക്ഷൻ ഓഫ് ന്യൂക്ലിക് ആസിഡ്സ് (ഡി.എൻ.എ., ആർ.എൻ.എ.), ജീൻ ക്ലോണിങ്, ജീൻ സീക്വൻസിങ്, ജീൻ എക്സ്പ്രഷൻ, ഡെവലപ്മെന്റ് ഓഫ് ട്രാൻസ്ജെനിക്ക്സ് എന്നിങ്ങനെ അവശ്യം വേണ്ട മോളിക്യുലാർ ടെക്നിക്കുകളിൽ പ്രായോഗികപരിചയം നൽകുക എന്നതും ഈ കോഴ്സിന്റെ ലക്ഷ്യങ്ങളിൽ പെടുന്നു. കോഴ്സ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **0481 2351313** എന്ന വാട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ-മെയിലിലോ ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടികൾ

5. ക്ഷീരവികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച്ജനുവരി 16 മുതൽ 27 വരെയുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ സ്വയം തൊഴിൽ സംരംഭകർക്കും വീട്ടമ്മമാർക്കുമായി "ക്ഷീരോല്പന്ന നിർമ്മാണ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കാൻ താല്പര്യമുള്ളവർ ജനുവരി 13-ാം തീയതി വൈകുന്നേരം 5 മണിക്കു മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 135 രൂപ. കൂടുതൽ വിവരങ്ങൾക്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ., തിരുവനന്തപുരം - 695004, എന്ന മേൽവിലാസത്തിലോ, **0471 – 2440911** എന്ന ഫോൺ നമ്പരിലോ, principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

6. തേനീച്ചവളർത്തലിൽ റബ്ബർബോർഡ് നടത്തുന്ന ഏകദിനപരിശീലനം 2023 ജനുവരി 13 -ന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വെച്ച് നടക്കും. റബ്ബർതോട്ടങ്ങളിൽനിന്നുള്ള അധികവരുമാനമാർഗ്ഗം എന്ന നിലയ്ക്കാണ് ഈ വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127, 9645636227** എന്നീ ഫോൺ നമ്പരുകളിലോ **04812351313** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം.

**കാർഷിക നിർദ്ദേശങ്ങൾ**

7. വെള്ളരി വർഗ്ഗവിളകളായ പാവൽ, പടവലം, വെള്ളരി, തണ്ണിമത്തൻ തുടങ്ങിയവ കൃഷി ചെയ്യാൻ അനുയോജ്യമായ സമയമാണ് ജനുവരി മുതൽ മാർച്ച് വരെയുള്ള മാസങ്ങൾ. ഇതിനായി കൃഷി സ്ഥലം നന്നായി തിളച്ച് കുമ്മായം ചേർത്ത് നിലമൊരുക്കി 15 ദിവസത്തിനു ശേഷം അടിവളം നൽകുക. തൈകൾ നടുന്നതിന് മുൻപായി ട്രൈക്കോഡർമ സമ്പുഷ്ടീകരിച്ച ചാണകപ്പൊടി മണ്ണിൽ ചേർത്തു കൊടുക്കുന്നത് രോഗങ്ങളെ പ്രതിരോധിക്കുന്നതിന് നല്ലതാണ്. വെള്ളരി വർഗ്ഗവിളകൾ പൂത്തു തുടങ്ങുന്നത് വരെ ആഴ്ചയിൽ രണ്ട് തവണ നന നൽകണം. പൂത്തു തുടങ്ങിയാൽ ഒന്നിടവിട്ട ദിവസങ്ങളിലും നനയ്ക്കാൻ ശ്രദ്ധിക്കണം. മണ്ണിൽ ഈർപ്പം നിലനിർത്തുന്നതിനായി പുതയിടയിൽ നടത്തുകയും തൈകളെ വെയിൽ നിന്നും സംരക്ഷിക്കുന്നതിനായി മറ നൽകുകയും ചെയ്യേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം